**പ്രസിദ്ധീകരണത്തിന്**

ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുക എന്നത് എൻ.എസ്.എസ്സിന്റെ പ്രഖ്യാപിതനയമാണ്. ശബരിമലയിലെ യുവതീപ്രവേശനവിഷയത്തിലും അതേനിലപാട് തന്നെയാണ് ആദ്യംമുതൽക്കുതന്നെ എൻ.എസ്.എസ്. സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് നിയമപരമായ നടപടികളും സമാധാനപരമായ പ്രതിഷേധവുമായി വിശ്വാസികളോടൊപ്പം മുമ്പോട്ടുപോകുന്നു. അതിൽ ജാതി-മത-രാഷ്ട്രീയഭേദമില്ല.

ശബരിമലയിൽ യുവതികളെ പ്രവേശിപ്പിക്കാൻ എടുത്ത നടപടികളെല്ലാംതന്നെ പരാജയപ്പെട്ടപ്പോൾ നവോത്ഥാനത്തിന്റെ പേരിൽ വനിതാമതിൽ തീർത്ത് പിന്തുണ ആർജ്ജിക്കാൻ സർക്കാർ തീരുമാനിച്ചു. ഇത് ഏതുവിധേനയും ആചാരലംഘനം നടത്തുന്നതിനുള്ള നടപടിയാണെന്നു മനസ്സിലാക്കി എൻ.എസ്.എസ്. സർക്കാരിന്റെ വനിതാമതിലിൽനിന്നും വിട്ടുനിന്നു. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കണമെന്ന പ്രാർത്ഥനയുമായി, മണ്ഡലകാലം അവസാനിക്കുന്നതിന്റെ തലേന്ന് വിശ്വാസികൾ അയ്യപ്പജ്യോതി തെളിയിച്ചു. ശബരിമല കർമ്മസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ആ പുണ്യകർമ്മത്തിൽ വിശ്വാസികൾ പങ്കെടുക്കുന്നതിൽ തെറ്റില്ലെന്നുള്ള നിലപാട് എൻ.എസ്.എസ്. സ്വീകരിച്ചു. എന്നാൽ ഔദ്യോഗികമായി എൻ.എസ്.എസ്. അതിൽ പങ്കെടുത്തുമില്ല.

ഇത്രയും ആയപ്പോഴേക്കും എൻ.എസ്.എസ്. സമദൂരം തെറ്റിച്ചു, ഇനിയും സമദൂരത്തെപ്പറ്റി പറയാൻ എന്ത് അവകാശമാണ് എൻ.എസ്.എസ്സിനുള്ളത്, സുകുമാരൻനായർക്ക് സമദൂരത്തിൽനിന്നും മാറാൻ അവകാശമില്ല എന്നുംമറ്റുമുള്ള രൂക്ഷപ്രതികരണങ്ങളുമായി ഭരണപക്ഷത്തെ രണ്ട് പ്രബലകക്ഷികളുടെ നേതാക്കളും ഇപ്പോൾ ചേക്കേറിയ ഒരു നേതാവും രംഗത്തുവന്നിരിക്കുകയാണ്. അവർ നായന്മാർകൂടിയാകുമ്പോൾ എൻ.എസ്. എസ്സിനോട് എന്തും ആകാമല്ലോ?

ഈ പരിപ്പൊന്നും എൻ.എസ്.എസ്സിൽ വേവുകയില്ലെന്ന കാര്യം അവർ മനസ്സിലാക്കണം. കാരണം, എൻ.എസ്.എസ്സിന്റെ സംഘടനാസംവിധാനവും അടിത്തറയും അത്രകണ്ട് ശക്തമാണ്. പുറത്തുനിന്ന് എതിർക്കുന്നവരെ അതേനാണയത്തിൽ നേരിടാനും അകത്തു നിന്നുകൊണ്ടുതന്നെ സംഘടനയിൽ വിള്ളലുണ്ടാക്കാൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്തുന്നതിനും ഉള്ള ശക്തി സംഘടനയ്ക്കുണ്ട്. നാളിതുവരെയുള്ള എൻ.എസ്.എസ്സിന്റെ ചരിത്രം അതാണെന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നത് നന്ന്. സർക്കാർസന്നാഹങ്ങളും സകലവിധ സമ്മർദ്ദങ്ങളും ഉപയോഗിച്ച് ഒരു മതിൽ പണിതാൽ അത് നവോത്ഥാനമാകുന്നത് എങ്ങനെ?

സമദൂരത്തിന്റെ കാര്യത്തിലായാലും ആചാരസംരക്ഷണകാര്യത്തിലായാലും എൻ.എസ്.എസ്. എടുത്തിട്ടുള്ള നിലപാടുകളിൽ ഉറച്ചുതന്നെ നില്ക്കും.

പെരുന്ന
28.12.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി